REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-09-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **EOS-05 ന്റെ വിജയകരമായ വിക്ഷേപണത്തിൽ പ്രധാനമന്ത്രിയും രാജ്യരക്ഷാമന്ത്രിയും ISRO-യെ അഭിനന്ദിച്ചു.**
- **ഇന്ന് ജന്മാഷ്ടമി. രാഷ്ട്രപതിയും പ്രധാനമന്ത്രിയും ജനങ്ങൾക്ക് ആശംസ നേർന്നു.**
- **'റീഇമാജിനിങ് കേരളം' വികസന സാധ്യതകളും ഭാവി വെല്ലുവിളികളും ചർച്ച ചെയ്യുമെന്ന് മുഖ്യമന്ത്രി വിഡി സതീശൻ.**
- **രണ്ട് ദിവസത്തെ CPIM പൊളിറ്റ് ബ്യൂറോ യോഗത്തിന് ന്യൂഡൽഹിയിൽ തുടക്കം.**
- **കേരള ക്രിക്കറ്റ് ലീഗ് സെമി ഫൈനൽ ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത്.**

## വാർത്തകൾ വിശദമായി

EOS-05 ന്റെ വിജയകരമായ വിക്ഷേപണത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യയുടെ ബഹിരാകാശ മേഖലയുടെ മികവ്, നൂതനാശയങ്ങൾ, വളർന്നുവരുന്ന ശേഷി എന്നിവയുടെ പ്രതിഫലനമാണ് ഇതെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ISROയും ഇന്ത്യൻ വ്യവസായ മേഖലയും തമ്മിലെ പങ്കാളിത്തം രാജ്യത്തിന്റെ ബഹിരാകാശ പദ്ധതിക്ക് പുതിയ കരുത്തും വ്യാപ്തിയും നൽകുന്നതിനൊപ്പം, ബഹിരാകാശ മേഖലയിലെ ഇന്ത്യയുടെ ശേഷി വർധിപ്പിച്ചെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തെ ആദ്യ ഇമാജിംഗ് ഉപഗ്രഹമായ EOS-05 വിജയകരമായി വിക്ഷേപിച്ച ISRO-യെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അഭിനന്ദിച്ചു. ഇന്ത്യയുടെ ഭൗമ നിരീക്ഷണ ശേഷി ശക്തിപ്പെടുത്താനും ബഹിരാകാശ വളർച്ചയെ പ്രതിഫലിപ്പിക്കാനും വിക്ഷേപണം സഹായിക്കുമെന്ന് രാജ്നാഥ് സിംഗ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ISRO യും ഇന്ത്യൻ വ്യവസായവും തമ്മിൽ വികസിച്ചുകൊണ്ടിരിക്കുന്ന പങ്കാളിത്തം നവീകരണത്തിനും കഴിവുകൾ ശക്തിപ്പെടുത്തന്നതിനും പുതിയ വഴികൾ തുറക്കുമെന്ന് രാജ്യരക്ഷാ മന്ത്രി പറഞ്ഞു.

✪✪✪

വിദേശ സംഭാവന നിയന്ത്രിക്കുന്ന FCRA നിയമ ഭേദഗതി ബിൽ പരിശോധിക്കുന്നതിന് കേന്ദ്രഗവൺമെന്റ് 31 അംഗ സംയുക്ത പാർലമെന്ററി സമിതിയ്ക്ക് രൂപം നൽകി. ലേകസഭയിലെ BJP അംഗം സഞ്ജയ് ജയ്സ്വാൾ ആണ് സമിതിയുടെ അധ്യക്ഷൻ. ലോക്സഭയിൽ നിന്ന് 21 അംഗങ്ങളും രാജ്യസഭയിൽ നിന്ന് 10 അംഗങ്ങളുമാണ്. കേരളത്തിൽ നിന്ന് കോൺഗ്രസിലെ ആന്റോ ആന്റണി മുസ്ലീം ലീഗിലെ ET മുഹമ്മദ് ബഷീർ, BJPയിലെ C സദാനന്ദൻ എന്നിവരാണ് സമിതി അംഗങ്ങൾ.

✪✪✪

ഇന്ന് അഷ്ടമിരോഹിണി. ലോകരക്ഷാർത്ഥം മഹാവിഷ്ണു ശ്രീകൃഷ്ണനായി അവതാരം ചെയ്ത പുണ്യദിനമായാണ് ഭക്തർ അഷ്ടമിരോഹിണി ആഘോഷിക്കുന്നത്. സംസ്ഥാനത്തെ പ്രധാന ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകളും, വഴിപാടുകളുമുണ്ടാകും. ബാലഗോകുലത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ശോഭായാത്രകളും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ജന്മാഷ്ടമി ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജനങ്ങൾക്ക് ആശംസ നേർന്നു. ശ്രീകൃഷ്ണന്റെ ജീവിതകഥയും സന്ദേശങ്ങളും ഇന്ത്യൻ സംസ്കാരത്തിനും തത്ത്വചിന്തയ്ക്കും ഊർജ്ജം പകരുന്നവയാണെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സത്യം, ധർമ്മം, നീതി, കരുണ, നിസ്വാർത്ഥ കർമ്മം എന്നിവയുടെ പാതയാണ് ശ്രീകൃഷ്ണൻ കാണിച്ചുതന്നതെന്നും രാഷ്ട്രപതി കുറിച്ചു.

നിസ്വാർത്ഥ കർമ്മത്തിന് അഗാധമായ പ്രചോദനം ശ്രീകൃഷ്ണന്റെ ദൈവിക സന്ദേശങ്ങളിൽ അടങ്ങിയിട്ടുണ്ടെന്നും, അത് മാനവരാശിയെ നിരന്തരം നയിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

ജന്മാഷ്ടമി ദിനമായ ഇന്ന് ബാലഗോകുലത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിൽ ആയിരത്തോളം ശോഭായാത്രകൾ സംഘടിപ്പിക്കും. മായ വിട്ടുണരൂ മാനവനായി വളരൂ എന്നതാണ് ഇത്തവണത്തെ ശ്രീകൃഷ്ണ ജയന്തി സന്ദേശം.

✪✪✪

കേരളത്തിന്റെ ദീർഘകാല വികസന സാധ്യതകളും ഭാവി വെല്ലുവിളികളും ചർച്ച ചെയ്യുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സംഘടിപ്പിക്കുന്ന 'റീഇമാജിനിങ് കേരളം' ദ്വിദിന നേതൃത്വ ശിൽപശാലയ്ക്ക് കോഴിക്കോട് IIM-ൽ തുടക്കമായി. മുഖ്യമന്ത്രി VD സതീശനും മുഴുവൻ മന്ത്രിസഭാംഗങ്ങളും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

കൂടുതൽ വിവരങ്ങളുമായി എ സി നസീർബാബു....

............വോയ്സ്.............

✪✪✪

ഭരണ രംഗത്ത് പ്രൊഫഷണലിസവും കാര്യക്ഷമതയും ഉറപ്പുവരുത്തുകയാണ് കോഴിക്കോട് IIM ൽ ആരംഭിച്ച രണ്ട് ദിവസത്തെ പ്രത്യേക പരിശീലനത്തിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വിഡി സതീശൻ പറഞ്ഞു. റീഇമാജിനിങ് കേരളം എന്ന പരിശീലനത്തിൽ വലിയ പ്രതീക്ഷയോടെയും സന്തോഷത്തോടെയുമാണ് പങ്കെടുക്കുന്നതെന്ന് മുഖ്യമന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. നിർമിത ബുദ്ധി യുഗത്തിലെ ഭരണനേതൃത്വം കാലാവസ്ഥാ പ്രതിരോധം, ദുരന്ത നിവാരണം, ധനകാര്യ നവീകരണം, പൊതുജനാരോഗ്യരംഗത്തെ വെല്ലുവിളികളും സാധ്യതകളും തുടങ്ങി വിവിധ സെഷനുകൾ, പരിശീലന പരിപാടിയുടെ ഭാഗമാണെന്ന് വിഡി സതീശൻ അറിയിച്ചു.

✪✪✪

IIM-ലെ ശില്പശാല കേരളത്തിന് മുതൽക്കൂട്ടാകുമെന്ന് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി അഭിപ്രായപ്പെട്ടു. രണ്ടാം തവണയാണ് ശില്പശാലയിൽ പങ്കെടുക്കുന്നതെന്നും അനുഭവങ്ങൾ പങ്കുവെക്കുന്നത് ഉപകാരപ്പെടുമെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്ക് സഹായകരമാകും ശില്പശായെന്നും കുഞ്ഞാലിക്കുട്ടി അറിയിച്ചു.

✪✪✪

കോഴിക്കോട് IIM ൽ ആരംഭിച്ച രണ്ട് ദിവസത്തെ പ്രത്യേക പരിശീലനം സംസ്ഥാനത്തിന് ഗുണം ചെയ്യുമെന്ന് മന്ത്രി എം ലിജു പറഞ്ഞു. എല്ലാ മേഖലയിലും വികസന സാധ്യത ചർച്ചയാകുമെന്ന് മന്ത്രി കോഴിക്കോട് അറിയിച്ചു.

✪✪✪

കാർഷിക സർവകലാശാലയുടെ ജനറൽ കൗൺസിലിലേക്ക് ഗവർണർ നടത്തിയ നാമനിർദേശത്തിൽ മന്ത്രി T സിദ്ദിഖ് അതൃപ്തി രേഖപ്പെടുത്തി. സർവകലാശാല യുടെ പ്രോ-ചാൻസലർ എന്ന നിലയിലോ ഗവൺമെന്റിന്റെ ഭാഗമായ കൃഷിമന്ത്രി എന്ന നിലയിലോ യാതൊരുവിധ കൂടിയാലോചനയും നടത്താതെയാണ് നാമനിർദേശങ്ങളിൽ പ്രത്യേക രാഷ്ട്രീയ സമീപനവും താൽപ്പര്യവും സ്വീകരിച്ചതെന്നും ഇത് ആശങ്കയുളവാക്കുന്നതാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

രണ്ട് ദിവസത്തെ CPIM പൊളിറ്റ് ബ്യൂറോ യോഗത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. ഈ മാസം 13 മുതൽ 15 വരെ കോഴിക്കോട്ട് ചേരുന്ന കേരളത്തിലെ വിശാലസംസ്ഥാന കമ്മിറ്റി, നിയമസഭാ തിരഞ്ഞെടുപ്പിലെ കേരളത്തിലെ തോൽവി, പാർട്ടിയിലെ തെറ്റുതിരുത്തൽ നടപടികൾ തുടങ്ങിയവയാവും യോഗത്തിന്റെ അജണ്ട.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് മൂന്നാം സീസണിന്റെ സെമി ഫൈനൽ മത്സരങ്ങൾ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഉച്ച കഴിഞ്ഞ് ആരംഭിക്കും. ആദ്യ സെമി ഉച്ചയ്ക്ക് രണ്ടരയ്ക്കും, രണ്ടാം സെമി രാത്രി ഏഴിനുമാണ്.

തിരുവനന്തപുരത്ത് നിന്ന് രെജു കോലിയക്കോട്.......

........വോയ്സ്.......

കഴിഞ്ഞ മാസം 20 ന് തുടങ്ങിയ കേരള ക്രിക്കറ്റ് ലീഗിന്റെ മൂന്നാം സീസണിന്റെ സെമി ഫൈനൽ പോരാട്ടങ്ങൾക്കാണ് ഇന്ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയം വേദിയാകുന്നത്. ആദ്യ സെമി ഫൈനലിൽ ട്രിവാൻഡ്രം റോയൽസ്, തൃശൂർ ടൈറ്റൻസിനെ നേരിടും. ഉച്ചയ്ക്ക് 2.30 നാണ് ആദ്യ സെമി. രാത്രി 7 മണിക്ക് നടക്കുന്ന രണ്ടാം സെമിയിൽ ആലപ്പി റിപ്പിൾസ് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെയാണ് നേരിടുന്നത്.

പത്തു മത്സരങ്ങളിൽ നിന്ന് 12 പോയിന്റുമായി ആലപ്പി റിപ്പിൾസാണ് പോയിന്റ് പട്ടികയിൽ ഇത്തവണ ഒന്നാമത്. ഇതേ പോയിന്റുള്ള ട്രിവാൻഡ്രം റോയൽസ് ആണ് പട്ടികയിൽ രണ്ടാമത്.11 പോയിന്റുള്ള തൃശൂർ മൂന്നാമതും 10 പോയിന്റുള്ള കാലിക്കറ്റ് നാലാമതുമാണ്. ആദ്യ സീസൺ ചാമ്പ്യൻമാരായ ഏരീസ് കൊല്ലം സെയ്‌ലേഴ്സും രണ്ടാം സീസൺ ചാമ്പ്യൻമാരായ കൊച്ചി ബ്ലൂ ടൈഗേഴ്സും ഇത്തവണ സെമി കാണാതെ പുറത്തായിരുന്നു. നാളെ കാര്യവട്ടം

ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് കലാശപ്പോരാട്ടം. സെമി മത്സരങ്ങളിൽ വിജയിക്കുന്ന ടീമുകൾ ഫൈനലിൽ ഏറ്റു മുട്ടും.

✪✪✪

BRICS അംഗരാജ്യങ്ങളിലെയും പങ്കാളിത്ത രാജ്യങ്ങളിലെയും ചീഫ് ജസ്റ്റിസുമാർ, സുപ്രീം കോടതി അധ്യക്ഷന്മാർ, മുതിർന്ന ജുഡീഷ്യൽ പ്രതിനിധികൾ എന്നിവരടങ്ങുന്ന BRICS ചീഫ് ജസ്റ്റിസുമാരുടെ കൂട്ടായ്മക്ക് ന്യൂഡൽഹിയിൽ തുടക്കമായി. നീതിന്യായ നിർവഹണം, അന്താരാഷ്ട്ര തർക്കപരിഹാരം, സാങ്കേതികവിദ്യ, സുസ്ഥിര വികസനം എന്നിവയുമായി ബന്ധപ്പെട്ട സമകാലിക വിഷയങ്ങളാണ് കൂട്ടായ്മയിൽ ചർച്ച ചെയ്യുന്നത്.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,282 ആയി. 5,050-ത്തിലേറെ പേരെ കാണാതായിട്ടുണ്ട്. ദുരന്തവും കാലാവസ്ഥാ വ്യതിയാനവും തമ്മിലെ ബന്ധം അന്താരാഷ്ട്ര സമൂഹത്തിന് മുന്നിൽ ശക്തമായി ഉന്നയിക്കുമെന്ന് നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷാ പറഞ്ഞു.

✪✪✪

പ്രസിദ്ധമായ ആറന്മുള അഷ്ടമിരോഹിണി വള്ളസദ്യയ്ക്ക് തുടക്കമായി. ലോകത്ത് തന്നെ ഏറ്റവുമധികം ആളുകൾ ഒരുമിച്ച് പങ്കെടുക്കുന്ന സമൂഹ സദ്യ എന്ന നിലയിൽ പ്രശസ്തമാണ് വള്ളസദ്യ. ആറന്മുള ഭഗവാന്റെ പിറന്നാൾ സദ്യയുണ്ണാൻ കേരളത്തിന് പുറത്ത് നിന്നും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി നൂറ് കണക്കിന് ഭക്തരാണ് ശ്രീ പാർത്ഥസാരഥി ക്ഷേത്രത്തിലേക്ക് എത്തി കൊണ്ടിരിക്കുന്നത്.

✪✪✪

തിരൂർ തുഞ്ചൻ പറമ്പിൽ തുഞ്ചത്താചാര്യന്റെ പ്രതിമ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമെന്ന് C സദാനന്ദൻ MP അറിയിച്ചു. തിരൂർ തുഞ്ചൻ പറമ്പ് സന്ദർശിച്ചശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കൊച്ചി മട്ടാഞ്ചേരിയിൽ ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി വൻ MDMA വേട്ട. ഏകദേശം രണ്ടര കിലോയിൽ അധികം MDMA യുമായി രണ്ട് പേരാണ് പിടിയിലായത്. മട്ടാഞ്ചേരി സ്വദേശി നൗഫലിനെയും സുഹൃത്തിനെയുമാണ് ഡാൻസാഫ് സംഘം പിടികൂടിയത്. ഡൽഹിയിൽ നിന്ന് പാഴ്സലിലാണ് MDMA എത്തിച്ചത്.

✪✪✪

ഇന്നലെ തിരുവനന്തപുരത്ത് അന്തരിച്ച മുസ്ലീംലീഗ് ജില്ലാ പ്രസിഡണ്ട് ബീമാപള്ളി റഷീദിന്റെ കബറടക്കം ഉച്ചകഴിഞ്ഞ് നടത്തും. UDF ജില്ലാ കൺവീനർ കൂടിയായ റഷീദ്, ലീഗ് സംസ്ഥാന സെക്രട്ടറി, ജില്ലാ ജനറൽ സെക്രട്ടറി, KEL, ഹോർട്ടികോർപ്പ്, SIDCO എന്നിവയുടെ ചെയർമാൻ പദവിയും വഹിച്ചിട്ടുണ്ട്.

✪✪✪

കേൾവി പരിമിതരായ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന 'ദേശീയ ടെക് ഫെസ്റ്റ് സൈൻ അപ് 2026 ' ന്റെ പ്രചാരണാർത്ഥം സിവിൽ സ്റ്റേഷൻ പരിസരത്ത് ഫ്ളാഷ് മോബ് സംഘടിപ്പിച്ചു. കേരള ഗവ പോളിടെക്നിക് കോളേജ്, കമ്പ്യൂട്ടർ എൻജിനീയറിങ് വിഭാഗം നടത്തിയ പരിപാടി ADM കെ.ഷറീന ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ കേൾവിപരിമിതരായ വിദ്യാർത്ഥികൾ ദേശീയ ടെക് ഫെസ്റ്റിൽ പങ്കാളികളാകും.

✪✪✪

'പാരിസ്ഥിതികം' പദ്ധതിയിലൂടെ വൃക്ഷവത്ക്കരണത്തിന് നാളെ കോഴിക്കോട്ട് തുടക്കമാകും. അൻസാരി പാർക്കിൽ 70 ഫല- ഔഷധ വൃക്ഷങ്ങളാണ് പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിക്കുക. മേയർ ഒ സദാശിവൻ രാവിലെ പരിപാടി ഉദ്ഘാടനം ചെയ്യും. സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, CWRDM, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, വനം വകുപ്പിന്റെ മാത്തോട്ടത്തെ ഉത്തരമേഖലാ സാമൂഹ്യ വനവത്ക്കരണ വിഭാഗം, കാളാണ്ടിത്താഴം ദർശനം സാംസ്കാരിക വേദി എന്നിവർ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

✪✪✪

കോഴിക്കോട് കുറ്റിക്കാട്ടൂർ ബൂസ്റ്റർ സ്റ്റേഷനിൽ അറ്റകുറ്റപ്പണി നടക്കുന്ന സാഹചര്യത്തിൽ നാളെ രാവിലെ മുതൽ, മെഡിക്കൽ കോളേജിലും പരിസരപ്രദേശങ്ങളിലും കുടിവെള്ള വിതരണം പൂർണ്ണമായും മുടങ്ങും. ഉപഭോക്താക്കൾ കുടിവെള്ളം ശേഖരിച്ചു വെയ്ക്കണമെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: ഫർദിസ് എവി, രജ്ന കെ,ജാസ്മി,*
*DEO : സി കെ സുബോധ്*